(ഡി) 5-6-2005-ന് വൈകുന്നേരം 5 മണിക്ക് പരാതി ലഭിക്കുകയും അന്നേ ദിവസം 9 മണിക്ക് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതുമാണ്.

(ഇ) ആറിങ്ങൽ ഡിവൈ. എസ്. പി.

(എഫ്) പോക്കർ പോലീസിന്റെ അന്വേഷണ റിപ്പോർട്ട് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുവാൻ പോലീസ് ഡയറക്ടർ ജനറലിന് നിർദ്ദേശം നൽകുന്നതാണ്.

പോലീസ് വെടിവെയ്പ്, വാഹനാപകടം, കസ്റ്റഡി മരണം തുടങ്ങിയവയുമായി ബന്ധപ്പെട്ട കേസുകൾ

125 [81] *ശ്രീ. കെ. വി. അബ്ദുൾഖാദർ* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ നാലുവർഷത്തിനുള്ളിൽ എത്ര വർഗ്ഗീയ സംഘട്ടനങ്ങൾ, കലാപങ്ങൾ എന്നിവ ഉണ്ടായി എന്ന് വ്യക്തമാക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്, എത്ര പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്; വിശദമാക്കുമോ;

(സി) ഈ കാലയളവിൽ സംസ്ഥാനത്ത് എത്ര പോലീസ് വെടിവെയ്പുകൾ നടന്നു; ഇതിൽ എത്ര പേർ മരണപ്പെട്ടു; വ്യക്തമാക്കാമോ;

(ഡി) പോലീസ് വാഹനാപകടം, ടിയർ ഗ്യാസ് പ്രയോഗം, പരിശീലനവേളകൾ തുടങ്ങി എത്ര സംഭവങ്ങൾ പ്രസ്തുത കാലയളവിൽ നടന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഇ) പോലീസ് കസ്റ്റഡിയിൽ മരണപ്പെട്ടവർ, ജയിലിൽ മരണപ്പെട്ടവർ, ആശുപത്രി സെല്ലുകളിൽ മരണപ്പെട്ടവർ എത്ര എന്നും വ്യക്തമാക്കുമോ;

(എഫ്) പോലീസ് വെടിവെയ്പ്, വാഹനാപകടം, കസ്റ്റഡി മരണം തുടങ്ങിയ സംഭവങ്ങളുമായി ബന്ധപ്പെട്ട് ഇപ്പോൾ എത്ര അന്വേഷണങ്ങൾ നടന്നുവരുന്നു എന്ന് വ്യക്തമാക്കുമോ;

(ജി) ഈ അന്വേഷണങ്ങളിൽ എത്ര റിപ്പോർട്ടുകൾ സർക്കാരിന് ലഭിച്ചു; ഇതിൽ ഓരോന്നിലും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

ഉത്തരം

(എ) (ജി) വിവരം ശേഖരിച്ചുവരുന്നു.

GPM 2/564/2012—21

LIBRARY ARCHIVES Kerala Legislative Assembly